**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3973** **15-07-2022 - ൽ മറുപടിയ്ക്ക്**

**മുണ്ടയാട്, കടവ് കോളനികളിൽ സഞ്ചരിക്കുന്ന റേഷൻ കട**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കൂത്തുപറമ്പ് നിയോജമണ്ഡലത്തിലെ പാട്യം പഞ്ചായത്തിൽപ്പെട്ട മുണ്ടയാട്, കടവ് കോളനികളിലുള്ള എഴുപത്തിയാറ് ആദിവാസി കുടുംബങ്ങൾക്ക് റേഷൻ കടകളിലേക്ക് മൂന്ന് കിലോമീറ്റർ സഞ്ചരിക്കേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുണ്ടയാട്, കടവ് കോളനികളിൽ സഞ്ചരിക്കുന്ന റേഷൻ കടകൾ പ്രവർത്തിച്ച് വരുന്നു. |
| (ബി) | വനമേഖലയിലെ പ്രസ്തുത കോളനികളിൽ റേഷൻ കടയ്ക്ക് അനുയോജ്യമായ കെട്ടിടമില്ലാത്തതിനാൽ സഞ്ചരിക്കുന്ന റേഷൻകടയോ മറ്റ് സൗകര്യങ്ങളോ ഏർപ്പെടുത്താൻ സംവിധാനമൊരുക്കുമോ; | (ബി) | ക്ലോസ്(എ)യുടെ മറുപടി കണ്ടാലും. |
| (സി) | ആദിവാസികളുടെ വർഷങ്ങളായുള്ള പ്രസ്തുത ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | (സി) | കണ്ണൂർ ജില്ലയിൽ ഇപ്രകാരം ബുദ്ധിമുട്ടുള്ള 11 ഊരുകളിലേക്ക് സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി പ്രകാരം ഭക്ഷ്യധാന്യങ്ങൾ എത്തിക്കുന്നുണ്ട്. കൂടാതെ പാറോത്തുമല, നവജീവൻ കോളനി, കണ്ണവം എന്നിവിടങ്ങളിൽ ടി പദ്ധതി ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ